സ്കൂളുകളിലെ ഉച്ചഭക്ഷണം പദ്ധതി

67(1122) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി ഹെഡ് മാസ്റ്റർമാർക്ക് ഉണ്ടായിട്ടുള്ള സാമ്പത്തിക ബാദ്ധ്യത കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഉച്ചഭക്ഷണം പദ്ധതിയ്ക്ക് ആവശ്യമായ തുക വകയിരുത്തിയശേഷം തിരിച്ചെടുക്കുന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) വരും വർഷങ്ങളിൽ ഈ പദ്ധതിക്കായി മതിയായ തുക വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ കുടിശ്ശിക ഒന്നുംതന്നെ നൽകാനില്ല.

(ബി) ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിന് അനുവദിക്കുന്ന തുകയിൽ നിന്നും പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ എല്ലാ തുകയും പിൻവലിക്കുകയും ആയത് ഉപയോഗിച്ച് വരികയും ചെയ്യുന്നു. പദ്ധതിയുടെ നടത്തിപ്പിന് ആവശ്യം വരാത്ത തുക മാത്രമേ തിരിച്ചടയ്ക്കുന്നുള്ളൂ.

(സി) സ്വീകരിച്ചിട്ടുണ്ട്.

സ്കൂളുകളുടെ ഭൗതിക സാഹചര്യം

68(1123) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഹയർ സെക്കണ്ടറി സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി തീരദേശ വികസന കോർപ്പറേഷൻ മുഖേന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സഹായം തീരദേശ വികസന കോർപ്പറേഷൻ അനുവദിക്കുമോ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഹയർ സെക്കണ്ടറി സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി തീരദേശ വികസന കോർപ്പറേഷനിൽ നിവേദനം ലഭിച്ചിട്ടുണ്ട്. ആയതിന് തീരദേശ വികസന കോർപ്പറേഷൻ സ്ഥലം സന്ദർശിച്ച് പ്രോജക്ട് സമർപ്പിക്കുന്നതനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly